ഹൃദയത്തിൽ നിന്ന് ഒരു പാലം

സി. ഗണേഷ്

ഹൃദയത്തിൽ നിന്ന് ഒരു പാലം

സി. ഗണേഷ്
(മലയാളം: ചെറുകഥ)

© 2023, C. Ganesh

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Young Woman with Ibis, a painting by Edgar Degas (1834–1917). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഹൃദയത്തിൽ നിന്ന് ഒരു പാലം

'ഹൃദയത്തെയും മസ്തിഷ്കത്തെയും ഒരു പാലമിട്ട് അതിവിദഗ്ധമായി ബന്ധിപ്പിക്കുന്നവർക്ക് മാത്രമേ ഒരു ആംബുലൻസ് ഡ്രൈവറാവാൻ കഴിയൂ'

ഇതിത്ര വിശദമായി പറയുന്നത് എന്തിനാണെന്ന് തോന്നും. പക്ഷേ, അനുഭവങ്ങൾ പറഞ്ഞു തീർക്കാതിരുന്നാൽ അതങ്ങനെ വെന്തുനീറും. ഒടുവിൽ ജ്വലനത്തോടെ പൊട്ടിത്തെറിക്കുകയും ചെയ്യും. അതിനാൽ ആര് കേട്ടാലുമില്ലെങ്കിലും പറയാനുള്ളത് പറഞ്ഞിട്ട് പോവുക തന്നെ. ചിലപ്പോൾ ഇത് നിങ്ങളെ ഭയപ്പെടുത്താനാണെന്ന് കരുതിയേക്കാം. അല്ല, ഇതെന്റെ ഭയത്തിൽ നിന്നുണ്ടാവുന്നതാണെന്നും ചിലർ പറഞ്ഞേക്കാം. അതൊന്നും എനിക്ക് പ്രശ്നമല്ല.

ഞാനാ ആംബുലൻസ് ഡ്രൈവറെ കാത്തു നിന്നത് ഒരു രാത്രിയിലായിരുന്നു. ഇടത്തരം നഗരത്തിലെ അവസാനത്തെ യാത്രക്കാരനും എത്തേണ്ടിടത്ത് പോയ്മറഞ്ഞ സമയത്ത് ഞങ്ങൾ കണ്ടുമുട്ടി. ആശുപത്രിയിൽനിന്ന് പറഞ്ഞുവിട്ട ഒന്നോ രണ്ടോ ചെറു ഓട്ടങ്ങൾ മാത്രമേ അന്നയാൾക്ക് ഉണ്ടായിരുന്നുള്ളൂ. അതിനാൽ അയാളുടെ മുഖത്ത് തികഞ്ഞ പ്രസന്നതയായിരുന്നു. അർദ്ധരാത്രി പിന്നിട്ടിട്ടും ഒരു ആംബുലൻസ് ഡ്രൈവർ സൂക്ഷിക്കുന്ന പ്രകാശം എന്നെ അത്ഭുതപ്പെടുത്തി. എന്നാൽ അതൊന്നും ചോദിക്കാനുള്ള സമയമായിരുന്നില്ല. അയാൾ ആംബുലൻസ് ഡ്രൈവറായിരുന്നു എന്നുപോലും എനിക്ക് അറിയില്ലായിരുന്നു. 'വണ്ടി എടുക്കാമോ' എന്ന് മാത്രമേ ഞാൻ ചോദിച്ചുള്ളൂ. 'ഓ' എന്നു പറഞ്ഞ് അയാൾ ഒറ്റ ഓട്ടം. ശേഷം ഒന്നും പറയാൻ അനുവദിച്ചില്ല.

ഞാനപ്പോൾ ജാമായ ലിഫ്റ്റിനടുത്തേക്ക് നടന്നു. ഇതിനകം അവിടെ കുറഞ്ഞ ഒരു ആൾക്കൂട്ടം രൂപപ്പെട്ടിരുന്നു. അടുത്തുള്ള ലോഡ്ജിലെ താമസക്കാരായ കുറച്ചാളുകൾ ശബ്ദം കേട്ട് ഒത്തുകൂടിയതായിരുന്നു.

ലിഫ്റ്റിന്റെ തുറന്ന ചതുരദ്വാരത്തിന് കീഴെ തലയിടിച്ച രീതിയിൽ ഒരു പയ്യൻ കിടന്നിരുന്നു. തല ചിതറി ചോര വാർന്നിരുന്നു. കാലുകൾ ഒടിഞ്ഞ രീതിയിൽ ഏങ്കോണിച്ച് കിടന്നു. ഞാൻ ആളുകളെ മാറ്റി. അപ്പോൾ, സെക്യൂരിറ്റിക്കാരൻ എവിടുന്നോ കൊണ്ടു വന്ന കോണി വച്ച് താഴേക്ക് ഇറങ്ങുകയായിരുന്നു. ഇറങ്ങുന്നയാളുടെ കാലുകൾ വിറക്കുന്നത് കണ്ട് ഞാൻ പറഞ്ഞു. 'മാറ്... ചങ്ങാതീ, ഞാൻ ഇറങ്ങാം' അയാൾ എന്നെ ഒന്ന് നോക്കി, പതുക്കെ മുകളിലേക്ക് കയറി വന്നു.

ഞാൻ കോണിയിലൂടെ പതുക്കെ കാൽ ചവിട്ടി ഇറങ്ങി. താഴെ തലയിടിച്ച് കിടക്കുന്നവന്റെ രൂപം ഇറങ്ങുന്നതിനിടയിൽ കൂടുതൽ തെളിഞ്ഞു. അവനെ തൊട്ടപ്പോൾ പൊങ്ങിക്കിടക്കുന്ന മരത്തടിയിൽ തൊടുന്നപോലുണ്ടായിരുന്നു. എടുത്തു തോളത്തിട്ട് കോണി കയറുമ്പോൾ അവന്റെ കാലുകൾ എന്റെ പുറകുവശത്ത് തട്ടിക്കൊണ്ടിരുന്നു. കിടത്തുമ്പോൾ ആളുകൾ അവന്റെ മുഖം കാണാൻ തിരക്ക് കൂട്ടുകയായിരുന്നു. മുഖമടച്ച് വീണതിനാൽ പ്രത്യേകിച്ച് ഒന്നും കാണാനുണ്ടായിരുന്നില്ല. മണലിൽ ചോര കൊണ്ട് മെടഞ്ഞിട്ട പോലെ വികൃതമായ മുഖം.

ആളുകൾ കൂടുതൽ അടുത്തു വന്നു. അവൻ ആരായിരിക്കുമെന്നതിനെക്കുറിച്ച് അവർ ചർച്ച ചെയ്തു. വസ്ത്രത്തിന്റെ സ്വഭാവം കൊണ്ട് മലയാളിയല്ലെന്ന് തിരിച്ചറിഞ്ഞപ്പോൾ അവർ ചെറുതായി ആശ്വസിച്ചു. അപ്പോഴേക്കും ഡ്രൈവർ വന്നെത്തി. അയാൾ പിന്നെയൊന്നും ആലോചിച്ചില്ല. അവനെയും തൂക്കി നേരെ ആംബുലൻസിനടുത്തേക്ക് പോയി. പിറകുവാതിൽ തുറന്ന് തയ്യാറാക്കി നിർത്തിയ ചക്രവണ്ടിയിലേക്ക് അവനെ ഇറക്കിവച്ച് ഒരു തള്ളൽ കൊണ്ട് ആംബുലൻസിന് അകത്താക്കി.

അവൻ ചെറുതായൊന്നുണർന്നുവോ?

കൃത്യം ആറ് മിനിറ്റ് കൊണ്ട് ആളെ അത്യാഹിതവിഭാഗത്തിൽ എത്തിച്ചു. അവിടെ നഴ്സും ഡോക്ടറും വിദഗ്ധ സർജനും തയ്യാറായിരുന്നു. എനിക്ക് അവിടെ നിൽക്കേണ്ട കാര്യമൊന്നുമില്ല. എന്നിട്ടും ഞാൻ പ്രാഥമിക രക്ഷാ ശുശ്രൂഷയുമായി നിന്നു.

അത്യാഹിത വിഭാഗത്തിന് മുമ്പിലെ ഒരു തൂണിന് ചുവട്ടിൽ കിടന്നാണ് അന്ന് ഉറങ്ങിയത്. പിറ്റേന്ന് രാവിലെ എനിക്ക് കാണേണ്ടിയിരുന്നത് ആ ഡ്രൈവറെയായിരുന്നു. അതിനാണ് അവിടത്തന്നെ കിടന്നത്. ഓപ്പറേഷനുകൾ ആവശ്യമുണ്ടെങ്കിലും അപകടനില തരണം ചെയ്തുവെന്നും കൃത്യസമയത്ത് എത്തിച്ചത് നന്നായെന്നും ഡോക്ടർ പറഞ്ഞപ്പോൾ തീർച്ചയായും അയാളെ കണ്ട ശേഷം മാത്രമേ പോകുകയുള്ളൂ എന്ന് ഞാൻ ഉറപ്പിച്ചു.

എന്നാൽ പിറ്റേന്ന് വൈകുവോളം നിന്നിട്ടും എനിക്കയാളെ കാണുവാൻ കഴിഞ്ഞില്ല. റിസപ്ഷനിൽ ചെന്ന് ചോദിച്ചപ്പോൾ ഒരു കേസ് എടുക്കാൻ പോയിരിക്കുകയാണെന്നും മറ്റൊരിക്കൽ, 'ആൾ ഉച്ചയ്ക്ക് ശേഷം ഓഫ് ആയതിനാൽ നേരത്തെ പോയെ'ന്നും പറഞ്ഞു. അയാൾ അവിടുത്തെ സ്ഥിരം ജീവനക്കാരനല്ലെന്ന അറിവും എന്നെ അമ്പരപ്പിച്ചു. ഞാൻ കൈഫോൺ ഉപയോഗിച്ച് തുടങ്ങിയിരുന്നില്ല. എന്നിട്ടും ആശുപത്രി കാർഡിൽ ഡ്രൈവറുടെ നമ്പർ എഴുതി വാങ്ങിച്ചു. അന്നുതന്നെ ഒരുതവണ നമ്പറിൽ വിളിക്കാൻ ശ്രമിച്ചു. സ്വിച്ച് ഓഫ് ആയിരുന്നു. പിന്നെ മൂന്നാല് ദിവസം കഴിഞ്ഞ് ഒന്നുകൂടെ നോക്കി. അപ്പോഴും കിട്ടിയില്ല. അങ്ങനെ ആംബുലൻസ് ഡ്രൈവർക്കും അജ്ഞാതനായ ചെറുപ്പക്കാരനും എനിക്കുമിടയിൽ പ്രകടിപ്പിക്കാൻ കഴിയാതെ പോയ നന്ദി കടമായി നിന്നു.

രണ്ട് മാസം കഴിഞ്ഞ് പൊടുന്നനെ ഒരുനാൾ ഞാൻ ആ നമ്പറിൽ വിളിക്കുകയും കൃത്യമായി അയാൾ എടുക്കുകയും ചെയ്തു. നന്ദി പറയാൻ പറ്റിയ അവസ്ഥയിലായിരുന്നില്ല. വാക്കുകളെയും ശബ്ദത്തെയും തടസ്സപ്പെടുത്തുന്നതിനിടയിൽ ഒരു വിധത്തിലാണ് പറഞ്ഞൊപ്പിച്ചത് 'ആംബുലൻസുമായി ഒന്ന് പോരാമോ? വളരെ അത്യാവശ്യമായിട്ട്...' വീട് നിൽക്കുന്ന റോഡിന്റെ പേരും എത്താനുള്ള എളുപ്പവഴിയും പറഞ്ഞുകൊടുത്തു. ഞാൻ മുക്കിയും മൂളിയും പറഞ്ഞ സംഗതി കേട്ടയുടൻ 'അടുത്ത് വാഴ വല്ലതും കാണുമോ? നീളൻ വാഴയില നാലഞ്ചെണ്ണം കരുതിക്കോ... ഞാനിതാ എത്തി...' ഡ്രൈവർ പറഞ്ഞു.



അയൽവീട്ടിലെ അല്ലറചില്ലറ ബഹളങ്ങൾ തെരുവിൽ ആർക്കും പുതുമയുള്ളതായിരുന്നില്ല. കുടിയനായ ഭർത്താവ് രാത്രി എത്തിയാൽ ഉടൻ വഴക്കിടും. കുട്ടികളുടെ പാഠപുസ്തകങ്ങൾ വലിച്ചുകീറും. കെട്ടിയവളെ വിറകുകൊള്ളി കൊണ്ടുവരെ തല്ലും. ഭാര്യയും മക്കളും ഒരു കക്ഷിയായി ആളെ ഒറ്റപ്പെടുത്തുന്നു എന്നാണ് ഭർത്താവിന്റെ പ്രധാന പരാതി. സങ്കടങ്ങൾ മറക്കാൻ ഇനിയും കുടിക്കണമെന്നു പറഞ്ഞ്, പണം ചോദിച്ചാണ് വഴക്ക് ആരംഭിക്കുക. ശർക്കരപ്പാത്രത്തിനുള്ളിൽ ഭാര്യ ഒളിപ്പിച്ചുവെച്ച നോട്ടുകൾക്കായി അയാൾ അടിക്കൂടും. അതിക്രമിച്ച് അതെടുക്കാൻ തുനിയും.

അങ്ങനെ ഒരു വൈകുന്നേരമായിരുന്നു. സാധാരണപോലെ ശർക്കരപ്പാത്രത്തിൽ നോക്കിയപ്പോൾ അവിടം കാലി. കുപിതനായ പുരുഷൻ അടുക്കളയിലെ പാത്രങ്ങളൊക്കെ തിരഞ്ഞു. തിരഞ്ഞു എന്നല്ല മറിച്ചിട്ടു എന്നാണ് പറയേണ്ടത്.

ഒടുവിൽ അയാൾ മണ്ണെണ്ണയെടുത്ത് അവളിലേക്ക് ഒഴിച്ചതും ലൈറ്റർ തെളിച്ചതും ഒരുമിച്ച കഴിഞ്ഞു. അവൾ നിന്ന് കത്തി. കത്തിപ്പടർന്ന ശരീരവുമായി ആ രൂപം അയാളിലേക്ക് ഓടി വന്നപ്പോൾ അയാൾ ആട്ടിയകറ്റി. ശരീരത്തിൽ ആളുന്ന തീയുമായി അവൾ കിണറ്റിൻകരയിലേക്ക് ഓടി. നാട്ടുകാർ ആരൊക്കെയോ വെള്ളമൊഴിച്ചു. അടുക്കളയ്ക്കും കിണറ്റിൻകരയ്ക്കും ഇടയിൽ പാതി മുക്കാലും കത്തി തീർന്ന അവൾ വീണു പോയി.

അതു കണ്ടപ്പോൾ പെട്ടെന്ന് തെളിഞ്ഞത് ഡ്രൈവറുടെ മുഖമാണ്. നമ്പറിൽ വിളിച്ചപ്പോൾ അയാൾ എടുക്കുകയും ചെയ്തു ആംബുലൻസ് കുതിച്ചുചാടി വരുന്നതിനിടയിൽ ചേച്ചിയുടെ പറമ്പിൽ നിന്ന് തന്നെ നെടുങ്കൻ വാഴയിലകൾ അഞ്ചാറെണ്ണം വെട്ടി മാറ്റി, തയ്യാറാക്കി വച്ചു. അവർ തന്നെ വെള്ളമൊഴിച്ചു വളർത്തിയ വാഴകളായിരുന്നു അവയെല്ലാം.

മുടി അപ്പാടെ കത്തി പോയിരുന്നു. സാരി കത്തിയും കത്താതെയും ശരീരത്തിൽ പറ്റിപ്പിടിച്ചിരുന്നു. ശരീരം ആംബുലൻസിലേക്ക് കിടത്തുമ്പോൾ കരിപിടിച്ച ബിസ്കറ്റ് പോലെയുണ്ടായിരുന്നു. വെന്തുകരിയുന്ന മനുഷ്യമണം അവിടെയെങ്ങും വ്യാപിച്ചു.

വാഴയിലകൾ നേരത്തെ നിരത്തി വച്ചിരുന്നതിനാൽ അതിലേക്കാണ് കിടത്തിയത്. കത്തിക്കരിയാറായ ശരീരികൾക്ക് കൂടുതൽ ഡാമേജ് വരാതിരിക്കാൻ അതാണ് മാർഗം. ആംബുലൻസ് ഡ്രൈവർ കൊണ്ടുവന്ന കാലിയായ അരിച്ചാക്കുകൾ കൂട്ടിപ്പിടിച്ച്, അതിൽ കിടത്തി, ചാക്കുകളിൽ പിടിച്ച് ഉയർത്തി. ചെറിയ കുട്ടികൾ ബോധംകെട്ടുവീണു. അമ്മമാരിൽ രണ്ടുപേർ ഛർദ്ദിച്ചു. അന്ന് രാത്രി തെരുവിലെ ആരും ആഹാരം കഴിച്ചില്ല.

തിരക്കിനും വെപ്രാളത്തിനുമിടയിൽ ആംബുലൻസ് ഡ്രൈവറോട് യാതൊന്നും പറയാൻ കഴിഞ്ഞില്ല. കത്തിക്കരിഞ്ഞ ദേഹം കണ്ടപ്പോൾ ആദ്യം അയാളും അസ്വസ്ഥനായെന്ന് തോന്നി. അയാളുടെ കണ്ണുകൾ അവിടം അടിമുടി നോക്കുകയായിരുന്നു. എത്രയും പെട്ടെന്ന് ആശുപത്രിയിൽ എത്തിക്കുവാൻ പരിഭ്രമിക്കുകയായിരുന്നു.

ഈ സമയത്തെല്ലാം അവളുടെ ഭർത്താവ് പാതി ബോധത്തിൽ പുലഭ്യം പറഞ്ഞുകൊണ്ട് വീടിനു പുറകിലെ വിറകുചായ്പിൽ കിടക്കുകയായിരുന്നു. അയാൾക്ക് കെട്ടിറങ്ങിയിരുന്നില്ല.

ആശുപത്രിയിലേക്ക് ഓടിയെത്തുന്ന നേരമത്രയും ആംബുലൻസ് ഡ്രൈവറുടെ മുഖമായിരുന്നു. വണ്ടി സമർത്ഥമായി കിണറ്റിൻകരയോട് ചേർത്തുനിർത്തി എഴുന്നേറ്റ് രക്തബന്ധമുള്ള ഒരാളെ എന്നപോലെ അയാൾ സഹായത്തിനായി കേണു. അറച്ച് നിൽക്കുന്നവരെ ധൈര്യം കൊടുത്ത് കൂടെക്കൂട്ടി. ചെറുപ്പംപിള്ളേരെ സ്നേഹപൂർവ്വം ക്ഷണിച്ചു. കത്തിക്കരിഞ്ഞ ശരീരത്തെ വണ്ടിക്കകത്താക്കിയ ശേഷം ഏറ്റവും അടുത്ത ഒരാളെ മാത്രം പിന്നിൽ കയറാൻ അനുവദിച്ചു. ശരീരം കൂടുതൽ അനക്കാതെ എങ്ങനെ പിടിച്ചിരിക്കണം എന്ന് നിർദ്ദേശം കൊടുത്തു. ആൾക്കൂട്ടത്തെ ആശ്വസിപ്പിച്ച ശേഷം എത്ര പെട്ടെന്നാണ് അയാൾ വാഹനം മുന്നോട്ടെടുത്തത്. ഗേറ്റ് കടന്നതും അത്യാഹിതമെന്നറിയിക്കുന്ന സൈറൺ ലൈറ്റ് ഓൺ ചെയ്തപ്പോൾ ആളുകളുടെ നെഞ്ചിൽ അപകടശബ്ദമായി.

അന്ന് അത്യാഹിത വിഭാഗത്തിലെ സെക്യൂരിറ്റിയോടും റിസപ്ഷനിലെ പെൺകുട്ടികളോടും അന്വേഷിച്ചപ്പോൾ അവർ കൈമലർത്തി. 'അതെ... നിങ്ങൾ പറയുമ്പോ ആളെ ഞങ്ങൾക്ക് മനസ്സിലാകുന്നുണ്ട്... പക്ഷേ, ഇത് ആശുപത്രിയാണ്... സ്ഥിരമായി വണ്ടികളും രോഗികളും വന്നു പോകുന്ന ഇടം. വാഹനങ്ങളുടെ ഇരട്ടി ഡ്രൈവർമാരും. അവർക്ക് ഇവിടെ നിൽക്കാൻ സമയമില്ല... അന്ന് സാറ് ചോദിച്ചപ്പോ ഞങ്ങള് നമ്പർ തന്നു. ആളെടുക്കാത്തതിന് ഞങ്ങളെന്തു പിഴച്ച്'?

ഞാൻ നിരാശനാവേണ്ടതാണ്. എന്നാൽ നിരാശനാവാൻ എനിക്ക് കഴിയുമായിരുന്നില്ല. രണ്ട് മാസത്തെ കിടപ്പിനുശേഷം കത്തിക്കരിഞ്ഞ രൂപത്തിന് ജീവൻ വെച്ചു. കുടിയനായ കെട്ടിയവൻ ഡി അഡിക്ഷൻസെന്ററിലും ധ്യാനകേന്ദ്രത്തിലും പോയി മറ്റൊരു മനുഷ്യനായി തിരിച്ചെത്തി. ഇപ്പോൾ അവളെ ശുശ്രൂഷിക്കാൻ അയാളാണുള്ളത് ചെയ്ത തെറ്റിന് കണ്ണീർ വാർത്ത്, ഭർത്താവ് ഡോക്ടർമാരുടെ വാക്കുകൾക്ക് കാതോർത്തു നിൽക്കുന്നു.

ഒരിക്കൽ അപ്രതീക്ഷിതമായി അയാളെ ആശുപത്രി വരാന്തയിൽ വച്ച് കണ്ടപ്പോൾ അയാൾ കരഞ്ഞു പറഞ്ഞു. 'ഞാൻ കടപ്പെട്ടിരിക്കുന്നു... എന്റെ ജീവനേക്കാൾ, എന്റെ മക്കളെക്കാൾ... ഡോക്ടറും നഴ്സുമാരും എത്ര തവണ പറഞ്ഞുവെന്നോ? കൃത്യസമയത്ത് മിടുക്കനായ ആംബുലൻസ് ഡ്രൈവർ ആക്സിഡന്റ് വാർഡിൽ എത്തിച്ച കാര്യം... സാറേ, എനിക്കയാളെ ഒന്ന് കാണാൻ സാധിക്കുമോ?'

ഒന്നുകൂടി അന്വേഷിക്കാമെന്നുവച്ച് ഞാൻ അയാളെയും കൂട്ടി റിസപ്ഷനടുത്തേക്ക് നടന്നു. വളർന്നു തുടങ്ങിയ മുഖപേശികൾ കൊണ്ട് അയാളുടെ ഭാര്യ നൽകിയ പുഞ്ചിരി എന്റെ മനസ്സിൽ ഉണ്ടായിരുന്നു.

റിസപ്ഷനിസ്റ്റ് ചൂടായി. 'എന്ത് കഷ്ടമാണ് സാർ... രണ്ട് മാസം മുമ്പത്തെ ഡ്രൈവറെ അന്വേഷിച്ച് വരിക എന്നു പറഞ്ഞാൽ... അയാൾ എവിടെയോ ഓട്ടത്തിലാണ്... ഇപ്പോൾ ഡ്യൂട്ടിയിലാണോ അല്ലയോ എന്ന് മാത്രമേ ഞങ്ങൾക്ക് പറയാൻ പറ്റൂ. നമ്പർ തന്നുവല്ലോ? വിളിച്ച് നോക്ക് വല്ലയിടത്തും അപകടം നടന്നിട്ടാണെങ്കിൽ ഉടൻ മറ്റൊരാളെ ഞങ്ങൾക്ക് വിടാൻ കഴിയും. ഇത് വെറുതെ...' തിരക്ക് പിടിച്ച ആശുപത്രി റിസപ്ഷനിൽ നിന്ന് ഇതല്ലാതെ മറ്റൊന്ന് പ്രതീക്ഷിക്കാൻ വയ്യ.

റിസപ്ഷനിസ്റ്റ് മറ്റ രണ്ടുപേരുടെ ചോദ്യങ്ങൾക്ക് ഒന്നിൽ ഫോണിലും പിന്നെ നേരിട്ടും മറുപടി പറഞ്ഞു. എന്നിട്ടും തിരികെ പോകാതിരുന്ന ഞങ്ങളെ നോക്കി അവൾ പറഞ്ഞു, 'ഉദയൻ എന്നാണ് പേരെന്ന് തോന്നുന്നു'.

'ഉം... ശരി' ഞങ്ങൾ റിസപ്ഷനിൽ നിന്നും മടങ്ങി. അയാളുടെ കയ്യിൽ ആശുപത്രിയിലെ കഞ്ഞിപ്പാത്രവും ചെറിയ സോപ്പും ഉണ്ടായിരുന്നു.

'സാരമില്ല ഞാൻ പോട്ടെ... അവളുടെ കിടക്കയിലെ വെള്ളം മാറ്റാൻ സമയമായി'

'കിടക്കയിലെ വെള്ളമോ'?

'അതെ, വാട്ടർബെഡിലാണ് കിടത്തിയിരിക്കുന്നത്. തണുപ്പ് ശരീരത്തിൽ കിട്ടിക്കൊണ്ടിരിക്കണം. ചൂട് ഒട്ടും സഹിക്കാൻ പറ്റില്ല തിരിയാനോ മറിയാനോ നോക്കുമ്പോൾ ഭയങ്കര എരിച്ചിലാണ് പാവം, കണ്ട് നിക്കുമ്പൊ വെഷമം തോന്നും'

ഞരക്ക വേദന എനിക്കും തോന്നി.

കോറിഡോറിൽ നിന്നും ഭാര്യയുടെ മുറിയിലേക്ക് പ്രവേശിക്കുമ്പോൾ അയാൾ ഒന്നുകൂടെ ചോദിച്ചു. 'എന്താണയാളുടെ പേരെന്നാ പറഞ്ഞേ?'

'ഉദയൻ'

'ഉം'

'ഞാനിവിടെത്തന്നെ ഉണ്ടല്ലോ ഇടയ്ക്ക് അന്വേഷിക്കാം'. ഞങ്ങൾ പിരിഞ്ഞത് അങ്ങനെയാണ്. ശരിക്കും അത്ഭുതമാണ് തോന്നിയതെങ്കിലും അത് നാട്ടിൽ നടക്കുന്ന അപകടങ്ങളെക്കുറിച്ചും ആംബുലൻസ് ഡ്രൈവർമാരുടെ സാഹസികവും ദാരുണവുമായ ജീവിതത്തെക്കുറിച്ചും എനിക്ക് ചില വിവരങ്ങൾ നൽകി. ജീവൻരക്ഷാപേടകത്തിന്റെ സാരഥി എന്നൊക്കെ ആലങ്കാരികമായി പറയും. ഇവരുടെ ഓരോ ചലനവും നമ്മുടെ ജീവന്റെ മൂല്യമാണ്. എന്നിട്ടും ഇവരുടെ മുഖമോ പേരോ ആരും ഓർക്കുകയില്ല. ആശുപത്രിയെപ്പറ്റിയും ഡോക്ടറെക്കുറിച്ചും നഴ്സിനെക്കുറിച്ചും ഒക്കെ നാലാൾ അറിയും. എന്നാൽ...

അത്യപൂർവമായ ചലനവേഗത്തിന് ഒരു നന്ദി വാക്ക് പോലുമേറ്റുവാങ്ങാൻ സമയമില്ലാത്തവർ. ഉദയനെ കാണാൻ ചെന്നിട്ട് പരാജയപ്പെടുകയല്ലാതെ മറ്റൊന്നുമില്ല. ഇടത്തരം ആശുപത്രിയായിട്ട് കൂടി ഇതാണ് സ്ഥിതിയെങ്കിൽ വൻകിട മൾട്ടി സ്പെഷ്യാലിറ്റികളിൽ എന്തായിരിക്കും?

എനിക്ക് ഉദയനെ കണ്ടേ തീരൂ. ഇരുട്ടിൽ നിന്നുകൊണ്ട് വെളിച്ചം വീശുന്ന അയാളെ കാണാൻ ഇനിയെന്തു വഴി?

വർഷം ഒന്നു കഴിഞ്ഞതിനാൽ കത്തിക്കരിഞ്ഞ സ്ത്രീയുടെ വീട്ടിൽ പോയപ്പോൾ അവിടമാകെ വല്ലാതെ മാറിയിരിക്കുന്നതായി തോന്നി. മക്കൾ ഇരുന്നു പാഠപുസ്തകം വായിക്കുന്നു. ഭർത്താവ് അടുക്കള ജോലിയിലാണ്. സ്ത്രീ ഒരു വീൽചെയറിൽ പതുക്കെ ഉമ്മറത്തേക്ക് വന്നു. അവരുടെ ചുണ്ടിൽ ചെറിയ ചിരി.

വർത്തമാനത്തിനിടയിൽ ദുരന്തദിവസത്തെപ്പറ്റി ഓർമിച്ചുകൊണ്ട് അവൾ പറഞ്ഞത് 'ഓ... അതെല്ലാം ഞാൻ മറന്നു, ഇപ്പോൾ അതേ കൈകൾകൊണ്ട് ചേട്ടൻ എന്നെ ശുശ്രൂഷിക്കുമ്പോൾ എല്ലാ തെറ്റും ഞാൻ മറക്കുന്നു'. മക്കളെ ചേർത്തുപിടിച്ചുകൊണ്ട് അവൾ പറഞ്ഞു, 'ഞാൻ ഭാഗ്യവതിയാണെന്ന് തോന്നുന്നു... ചത്തത് കണക്ക് കിടന്നില്ലല്ലോ.'

വലിയ കുളിർമയോടെ അവിടെ നിന്നിറങ്ങുമ്പോൾ ഭർത്താവിനോട് ആംബുലൻസ് ഡ്രൈവറുടെ കാര്യം തിരക്കാൻ മറന്നില്ല. 'എന്റെ സാറേ വലിയ അത്ഭുതമായിരിക്കുന്നു. ഏതാണ്ട് ആറുമാസക്കാലത്തോളം ആളെ ഒന്ന് കണ്ടു കിട്ടുവാനായി ഞാൻ പെട്ട പാട്... കഴിഞ്ഞില്ല. ആള് അദൃശ്യനാണെന്ന് വരെ തോന്നിപ്പോയി'.

പേടി കലർന്ന മട്ടിൽ അയാളുടെ ശബ്ദം ചിലമ്പിച്ചു. പിന്നെ പറഞ്ഞു.

'ദയവായി എന്നെ ഒഴിവാക്കണേ, ഒരുമാതിരി മന്ത്രവാദ പണി പോലെ'.

അന്ന് വൈകിട്ട് വീട്ടിലെത്തി മേൽകഴുകുന്നതിനിടയിൽ വല്ലതെന്തോ വീഴുന്ന ശബ്ദം. കൂടെ നിലവിളിയും. ഓടിച്ചെന്നപ്പോൾ അത്താഴമുണ്ടാക്കുകയായിരുന്ന അമ്മ കുഴഞ്ഞു വീണിരിക്കുന്നു. വെള്ളം കോരി ഒഴിച്ച വിധത്തിൽ വിയർത്തുകുളിച്ച അമ്മയെ ഒരു വിധത്തിൽ പൊക്കിയെടുത്തു. ഒരു നിമിഷം ആംബുലൻസ് ഡ്രൈവറുടെ മുഖം തെളിഞ്ഞെങ്കിലും വിളിക്കാനോ നമ്പർ എടുക്കാനോ കഴിഞ്ഞില്ല.

എനിക്ക് ബോധം വന്നപ്പോൾ മകൻ പറയുന്നത് കേട്ടു. 'അച്ഛന്റെ ധൈര്യമൊക്കെ പോയല്ലേ... സ്വന്തം അമ്മയുടെ കാര്യം വന്നപ്പോൾ തളർന്നുപോയി. ഹും'.



അവന്റെ മുതിർച്ചയിൽ സന്തോഷമാണ് തോന്നിയത്. അവൻ തുടർന്നു, 'അച്ഛാ നിങ്ങളുടെ ഡയറിയിൽ നിന്ന് ആദ്യ പേജിലെ നമ്പറിലാ ഞാൻ വിളിച്ചത്. അച്ഛൻ ചുവന്ന മഷി കൊണ്ട് വട്ടംവരച്ച് എഴുതിയ നമ്പർ. പാവം ഒരു മെലിഞ്ഞ മനുഷ്യൻ പത്ത്മിനിറ്റ് കൊണ്ട് ലൊക്കേഷൻ കണ്ടെത്തി വന്നു. 12 മിനിറ്റിനകം വിഭാഗത്തിൽ എത്തിച്ചു'.

'ങേ... നീ അയാളെ കണ്ടുവോ?'

'കണ്ടോ എന്ന് ചോദിച്ചാൽ ഒരു നോട്ടം കണ്ടു.'

'എന്നിട്ട്'?

'നല്ല ചോദ്യം! കുഴഞ്ഞു കിടക്കുന്ന അമ്മയെ എടുത്തുകൊണ്ടു പോണം പിന്നെ ബോധം പോയ നിങ്ങളെയും... ഇതിനിടയിൽ അയാളും വീൽകിടക്കയിലേക്ക് കിടത്താൻ സഹായിച്ചിട്ടാ പോയത്'.

'ശ്ശോ... അയാൾ നിനക്ക് പിടിതരാതെ പോയിക്കാണും, അല്ലേ?'

'മുമ്പിവിടെ അടുത്തൊരു വീട്ടിൽ വന്നിട്ടുണ്ട് എന്ന് പറഞ്ഞു'

'എന്നിട്ട്'

'അച്ഛാ വെറുതെ ഇമോഷനലാവുകയൊന്നും വേണ്ട കേട്ടോ. ഈ മരുന്നു കഴിക്ക്.'

കൃത്യം ഏഴാം നാളാണ് ആശുപത്രിവാസം കഴിഞ്ഞ് എത്തിയത്. ഹൃദയത്തിൽ നിന്നും പാലമിട്ട് അപായരേഖ മുറിച്ച കടക്കാൻ സഹായിക്കുന്നവനെ നേരിട്ട് കാണണമെങ്കിൽ എന്തു ചെയ്യണമെന്നതിനെക്കുറിച്ച് ഇതിനകം ഞാനൊരു തീർപ്പിലെത്തിയിരുന്നു. ആശ്വാസവും ഭയവും നൽകുന്ന ഒന്നായി അവൻ മാറിക്കഴിഞ്ഞു. ഇനിയും കാത്തിരിക്കാൻ വയ്യ.

പ്രശസ്തനായ നടനെ അനുകരിച്ചുകൊണ്ട് ഹൃദയധമനിയിലെ പ്രതിബന്ധത്തിൽ നിന്നുണ്ടാകുന്ന വലിയ വേദന അഭിനയിക്കാൻ തയ്യാറായി ഉമ്മറപ്പടിയിൽ ഞാൻ ഇരിക്കുന്നു.

ഒരു കൈ നെഞ്ചോട് ചേർത്ത്, പുരികം വിറപ്പിച്ച്, തല ചെരിച്ചു. കുഞ്ഞുനാളിലെ ഏറ്റവും ഇളപ്പമുള്ള ഓർമ്മയിൽ തുടങ്ങുന്ന ഒരു ജീവരേഖ പാലം പോലെ വളഞ്ഞു നിന്നു. അകത്തുനിന്ന് ഏതോ വാഞ്ഛയിൽ സ്വേദഗ്രന്ഥികൾ ചുരന്നു.

തീരെ പ്രതീക്ഷിക്കാതെ എന്റെ വിയർപ്പും വേദനയും സത്യമായി. പടിക്കെട്ടിൽ കാലിടറി വീഴുന്നത് കണ്ട് മകൻ വെപ്രാളപ്പെട്ട് വന്നു. അവൻ അങ്ങുമിങ്ങും അലറി വിളിച്ചോടി. തിടുക്കപ്പെട്ട് അകത്തു ചെന്ന് ഡയറി തപ്പി ഒന്നാം പേജിലെ നമ്പറിൽ വിളിക്കുന്നത് കേട്ടു.

മിന്നിത്തെളിയുന്ന വെളിച്ചവും ചീറുന്ന വേഗവും നിരത്തിൽ മറ്റു വാഹനങ്ങളെ തള്ളിമാറ്റുന്ന ശബ്ദവുമായി ആ ഡ്രൈവർ വന്നെത്തുന്നതുവരെ ബോധം മറയാതിരിക്കാൻ പടിക്കെട്ടിൽ കിടന്നുകൊണ്ട് ഞാൻ കിണഞ്ഞു ശ്രമിച്ചു.

□

സി. ഗണേഷ്

സി ഗണേഷ്, അസി പ്രഫസർ, സാഹിത്യരചന വിഭാഗം, മലയാള സർവകലാശാല തിരൂർ മലപ്പുറം.

പാലക്കാട്ട് സ്വദേശി. കഥാകൃത്ത്, നോവലിസ്റ്റ്, പ്രഭാഷകൻ. വിവിധ മേഖലകളിലായി 24 കൃതികൾ. നെഹ്റു യുവകേന്ദ്ര പുരസ്കാരം, അങ്കണം അവാർഡ്, സൂര്യകാന്തി നോവൽ പുരസ്കാരം, സംസ്കൃതി ചെറുകഥാ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. ദേശീയ-അന്തർദേശീയ സെമിനാറുകളിൽ അമ്പതിലധികം പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ശാന്തം മാസികയുടെ ഓണററി എഡിറ്ററാണ്. ഒ വി വിജയൻ സ്മാരക സമിതി അംഗമായിരുന്നു. ഇപ്പോൾ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിൽ സ്കൂൾ ഓഫ് ക്രിയേറ്റീവ് റൈറ്റിങ് വിഭാഗത്തിൽ അസി പ്രഫസർ. ജീവിത പങ്കാളി: ഗവ വിക്ടോറിയ കോളേജിലെ ഭൗതികശാസ്ത്ര അധ്യാപികയായ സുനിത എ. പി. മകൾ: തംബുരു.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014